പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1124 14.06.2012 - ൽ മറുപടിക്ക്

## അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) വിപണിയിലുണ്ടാകുന്ന വിലവ്യത്യാസം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ശക്തമായ മാർക്കറ്റിടപെടൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതനുസരിച്ച്<br><br>1) പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നു.<br><br>2) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട. ബോധന, പച്ചരി) കി.ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു.<br><br>3) കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ |

എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 14 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.

4) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

5) ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

6) എ.ആർ.ഡി ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

7) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല

ചന്തകൾ നടത്തി വരുന്നു.

8) പച്ചക്കറികൾക്ക് അന്യസംസ്ഥാനങ്ങളിൽ ഉണ്ടായ ദൗർലഭ്യം മൂലം ഉണ്ടായ വില വർദ്ധന നേരിടാൻ സപ്ലൈകോയും ഹോർട്ടികോർപ്പും സംയുക്തമായി പച്ചക്കറി വിൽപ്പന സംഘടിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് പച്ചക്കറി കുറഞ്ഞ വിലയിൽ ലഭ്യമാക്കി വരുന്നു.

9) അവശ്യസാധനങ്ങളുടെ സംഭരണം, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും ചെയ്തു വരുന്നു.

10) വിൽപ്പന കേന്ദ്രങ്ങളിൽ വിലയും സ്റ്റോക്കും പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.

11) നിയമലംഘനം നടത്തുന്നവർക്കെതിരെ അവശ്യസാധന നിയമ പ്രകാരം അറസ്റ്റ്/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു.

12) റേഷൻ കടകൾ വഴി ബിപിഎൽ/എഎവൈ കാർഡ് ഉടമകൾക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരിയും എ.പി.എൽ വിഭാഗത്തിലെ സബ്സിഡിക്ക്

| | | | |
|---|---|---|---|
| | | | അർഹതയുള്ളവർക്ക് കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നു. |
| ബി) | അവശ്യസാധനങ്ങൾക്ക് പുറമേ മറ്റ് ഉല്പന്നങ്ങൾ കൂടി സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | ബി) | അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 10 ശതമാനം വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി, ഏലം എന്നിവ "ശബരി" എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട വിൽപ്പനശാലകളിലൂടെ പച്ചക്കറികൾ, മറ്റ് ഉപഭോക്തൃകാര്യ ഉത്പന്നങ്ങൾ എന്നിവയും വിതരണം നടത്തുന്നു. |
| സി) | ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | നിലവിലുള്ള പദ്ധതികൾപര്യാപ്തമാണ്. |

**സെക്ഷൻ ഓഫീസർ**